കേരള സർക്കാർ

നം 337/ഡി സി.1/16/ തസ്വഭവ

തദ്ദേശ സ്വയം ഭരണ (ഡി സി ) വകുപ്പ്
തിരുവനന്തപുരം,തീയതി 23.06.2017

## സർക്കുലർ

വിഷയം: മഴക്കാല രോഗങ്ങളെ തുടർന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക കീഴിലുള്ള പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലും സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളിലും ഫലപ്രദമായ ചികിത്സ ലഭ്യമാക്കുന്നതിന് ഡോക്ടർമാരെയും പാരാമെഡിക്കൽ സ്റ്റാഫിനെയും നിയമിക്കുന്നത് സംബന്ധിച്ച്

സൂചന: 1. സ.ഉ ( സാധാ ) നം.2096/2017/ത.സ്വ.ഭ.വ തീയതി 21.06.2017
2.സ.ഉ ( സാധാ ) നം.2111/2017/ത.സ്വ.ഭ.വ തീയതി 23.06.2017

മഴക്കാല രോഗങ്ങളെ തുടർന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക കീഴിലുള്ള പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലും സാമൂഹ്യാരോഗ്യകേന്ദ്രങ്ങളിലും ഫലപ്രദമായ ചികിത്സ ലഭ്യമാക്കുന്നതിന് ഡോക്ടർമാരെയും പാരാമെഡിക്കൽ സ്റ്റാഫിനെയും താത്കാലികമായി നിയമിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാനപങ്ങൾക്ക് നിർദേശം നൽകി സൂചന (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. യോഗ്യതയുള്ള ഡോക്ടർമാരെയും പാരാമെഡിക്കൽ സ്റ്റാഫിനെയും അഭിമുഖം നടത്തി സൂചന ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണസ്ഥാപനത്തിലെ പ്രസിഡന്റ്/ചെയർമാൻ, ഹെൽത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, സെക്രട്ടറി, പ്രാഥമികാരോഗ്യകേന്ദ്രം/സാമൂഹ്യാരോഗ്യകേന്ദ്രത്തിലെ മെഡിക്കൽ ഓഫീസർ എന്നിവരടങ്ങുന്ന കമ്മിറ്റിയെ ചുമതലപെടുത്തുന്നു. ഇപ്രകാരം അഭിമുഖം നടത്തി യോഗ്യരായവരെ അടിയന്തിരമായി 2017 ജൂലൈ 1 മുതൽ താൽക്കാലികമായി നിയമിക്കുന്നതിന് നിർദ്ദേശം നൽകുന്നു.

**റ്റി.കെ ജോസ്**
**ഗവ.പ്രിൻസിപ്പൽ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ
നഗര കാര്യ ഡയറക്ടർ
ഗ്രാമ വികസന കമ്മീഷണർ
എല്ലാ ഗ്രാമ പഞ്ചായത്തുകൾക്കും( പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ നഗരസഭകൾക്കും (നഗര കാര്യ ഡയറക്ടർ മുഖേന)
എല്ലാ കോർപറേഷനുകൾക്കും(നഗര കാര്യ ഡയറക്ടർ മുഖേന)
എല്ലാ ജില്ലാപഞ്ചായത്തുകൾക്കും ( പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്തുകൾക്കും (ഗ്രാമ വികസന കമ്മീഷണർ മുഖേന)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫോർമേഷൻ കേരള മിഷൻ (എൽ.എസ്.ജി.ഡി വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനും എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും അടിയന്തിരമായി ഇ മെയിൽ നല്കുന്നതിനുമായി )

ഡയറക്ടർ,ഐ & പി. ആർ. ഡി /വെബ് ആൻഡ് ന്യൂ മീഡിയ

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്-

ബഹു.മുഖ്യമന്ത്രിയുടെ പി എസ് ന്
ബഹു.ധനകാര്യവകുപ്പ് മന്ത്രിയുടെ പി എസ് ന്
ബഹു.ആരോഗ്യ കുടുംബക്ഷേമ വകുപ്പ് മന്ത്രിയുടെ പി എസ് ന്
ബഹു.തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ് -ന്
ധനകാര്യവകുപ്പ് ACS ന്റെ പി എ യ്ക്ക്
ആരോഗ്യ കുടുംബക്ഷേമ വകുപ്പ് ACS ന്റെ പി എ യ്ക്ക്
തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ (ഡി എ )വകുപ്പ്